**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **30-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതെന്നും ഈ പദ്ധതികളുടെ നിർവ്വഹണത്തിന് കണക്കാക്കിയ മതിപ്പുതുക എത്രയെന്നും വിശദമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനായി 592.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളെല്ലാം തന്നെ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളാണ്. നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്നും എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് പദ്ധതി വഴി നൽകാനാകുകയെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനായി 592.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളെല്ലാം തന്നെ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളാണ്. നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മേൽ പദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ഇതുവരെയും അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കരുളായി, മൂത്തേടം, അമരമ്പലം, എടക്കര, വഴിക്കടവ്, പോത്തുകല്ല്, ചുങ്കത്തറ എന്നീ പഞ്ചായത്തു കൾക്കുവേണ്ടി പുതിയ കുടിവെള്ളപദ്ധതി തയ്യാറാക്കിയിരുന്നെകിലും അവയുടെ പ്രതി കണക്ഷൻ ചെലവ് ജല ജീവൻ പദ്ധതിയുടെ മാർഗ രേഖ പ്രകാരം അനുവദനീയമായതിനേക്കാൾ വളരെ കൂടുത ലായിരുന്നു. അതിനാൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജല ജീവൻ പദ്ധതിയുടെ മാർഗ |

| | | | |
|---|---|---|---|
| | | | രേഖപ്രകാരം പരിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |
| (ഡി) | ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ പദ്ധതിയോട് വിമുഖത കാണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | നിലവിൽ പഞ്ചായത്തുകളൊന്നും തന്നെ പദ്ധതിയോട് വിമുഖത കാണിച്ചിട്ടില്ല |
| (ഇ) | സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി മേൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കമ്മിറ്റി അടുത്ത യോഗം ചേരുന്നത് എന്നാണെന്ന് അറിയിക്കാമോ; | (ഇ) | ഇല്ല.. ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കുന്ന പുതിയ പദ്ധതികൾക്കാണ് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നത്. പഞ്ചായത്തുകളുടെ റസൊല്യൂഷനും, ഡി.ഡബ്ല്യു. എസ്സ്. എം. അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി പദ്ധതികൾ പരിഗണിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷമാണ് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ യോഗം ചേരുന്നത്. |
| (എഫ്) | ജല ജീവൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എഫ്) | 2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളലഭ്യത ഉറപ്പാക്കുവാനാണ് ജലജീവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| പഞ്ചായത്ത് | നൽകുവാൻ ലക്ഷ്യമിട്ടുള്ള കണക്ഷനുകൾ | ഭരണാനുമതി തുക ലക്ഷത്തിൽ | നൽകിയ കണക്ഷനുകൾ | നിർവഹണ ഏജൻസി |
|---|---|---|---|---|
| അമരമ്പലം | 2000 | 335 | 2000 | കെ.ഡബ്ലിയു.എ |
| ചുങ്കത്തറ | 300 | 45 | 130 | കെ.ഡബ്ലിയു.എ |
| എടക്കര | 500 | 78 | 500 | കെ.ഡബ്ലിയു.എ |
| വഴിക്കടവ് | 100 | 12 | 100 | കെ.ഡബ്ലിയു.എ |
| പോത്തുകല്ല് | 100 | 47 | 0 | കെ.ഡബ്ലിയു.എ |
| പോത്തുകല്ല് | 500 | 75.1 | 0 | ജലനിധി |
| ആകെ | 3500 | 592.10 | 2730 | |

# അനുബന്ധം

| പഞ്ചായത്ത് | നൽകുവാൻ ലക്ഷ്യമിട്ടുള്ള കണക്ഷനുകൾ | ഭരണാനുമതി തുക ലക്ഷത്തിൽ | നൽകിയ കണക്ഷനുകൾ | നിർവഹണ ഏജൻസി |
|---|---|---|---|---|
| അമരമ്പലം | 2000 | 335 | 2000 | കെ.ഡബ്ലിയു.എ |
| ചുങ്കത്തറ | 300 | 45 | 130 | കെ.ഡബ്ലിയു.എ |
| എടക്കര | 500 | 78 | 500 | കെ.ഡബ്ലിയു.എ |
| വഴിക്കടവ് | 100 | 12 | 100 | കെ.ഡബ്ലിയു.എ |
| പോത്തുകല്ല് | 100 | 47 | 0 | കെ.ഡബ്ലിയു.എ |
| പോത്തുകല്ല് | 500 | 75.1 | 0 | ജലനിധി |
| ആകെ | 3500 | 592.10 | 2730 | |